പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. **7214**

16.7.2012-ൽ
മറുപടിക്ക്

## ആറന്മുള വിമാനത്താവളത്തിനായി മണ്ണിട്ടു നികത്തിയ സ്ഥലം

ചോദ്യം
ശ്രീ.രാജു എബ്രഹാം:

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ആറന്മുള വിമാനത്താവളത്തിനായി എത്ര ഏക്കർ സ്ഥലമാണ് ഇതുവരെ മണ്ണിട്ടു നികത്തിയത്; | (എ) 10.3268 ഹെക്ടർ. |
| (ബി) പാടശേഖരങ്ങൾ മണ്ണിട്ടു നികത്താൻ നിലവിലുള്ള നിയമപ്രകാരം എന്തൊക്കെ അനുമതിയാണ് ലഭിക്കേണ്ടത്; | (ബി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം പൊതു ആവശ്യത്തിന് പ്രാദേശികതല നിരീക്ഷണ സമിതി ശുപാർശ ചെയ്യുന്ന ഓരോ അപേക്ഷയും സംസ്ഥാനതലസമിതി വിശദമായ പരിശോധന നടത്തി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകുന്നത്. വീട് വെയ്ക്കുന്നതിന് നിലം നികത്തുന്നതിനുള്ള അപേക്ഷകളിൽ പ്രാദേശികതല നിരീക്ഷണ സമിതി ശുപാർശ ചെയ്യുന്ന കേസ്സുകളിൽ യുക്തമായ തീരുമാനം കൈക്കൊള്ളേണ്ടത് ജില്ലാതല അധികൃത സമിതിയാണ്. |
| (സി) ആറന്മുളയിൽ വിമാനത്താവളത്തിനായുള്ള സ്ഥലം മണ്ണിട്ടു നികത്താൻ എന്തൊക്കെ അനുമതികളാണ് നൽകിയിരിക്കുന്നത്; | (സി) അനുമതി നൽകിയിട്ടില്ല. |
| (ഡി) ഇതു സംബന്ധിച്ച് എത്ര പരാതികളാണ് ബന്ധപ്പെട്ട വകുപ്പുകൾക്ക് ലഭിച്ചിട്ടുള്ളത്; | (ഡി) കോഴഞ്ചേരി താലൂക്ക് ആഫീസിൽ 8 പരാതികളും അടൂർ ആർ.ഡി.ഒ. മുമ്പാകെ കുറുന്താർ, കരിക്കോട്, അരിങ്ങോട്ട് എന്നീ പുഞ്ച പാടശേഖര സമിതികളുടെ പരാതികളും |

| | |
|---|---|
| | ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ വിവിധ പള്ളിയോട കരയോഗങ്ങളും പരിസ്ഥിതി പ്രവർത്തകരും സാമൂഹ്യ സംഘടനകളും ചേർന്ന് നിയമസഭാ പരിസ്ഥിതി കമ്മിറ്റി മുമ്പാകെ സമർപ്പിച്ച നിവേദനവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറന്മുള വിമാനത്താവളത്തെ സംബന്ധിച്ച് W.P.(C)No.6004/12 പ്രകാരം ശ്രീമതി.സുഗതകുമാരിയും മറ്റുള്ളവരും ചേർന്ന് ബഹു.ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച ഫയൽ ചെയ്ത പരാതിയുടെ പകർപ്പ് കൃഷി വകുപ്പിന് ലഭിച്ചിട്ടുണ്ട്. |
| (ഇ) പ്രസ്തുത ഭൂമി മണ്ണിട്ടു നികത്തിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലോ, സ്വമേധയായോ എന്തെങ്കിലും നടപടികൾ മണ്ണിട്ടു നികത്തിയതിൽ സ്വീകരിച്ചിട്ടുണ്ടോ; | (ഇ) ഉണ്ട്. |
| (എഫ്) വയൽ നികത്തിയവർക്കെതിരെ ഇതുവരെ നടപടി സ്വീകരിക്കാതിരുന്നത് എന്തുകൊണ്ട്;<br><br>(ജി) വയൽ നികത്തിയവരോട് വിശദീകരണം ചോദിക്കുകയോ, നിയമപ്രകാരം പുതുതായി ഇട്ടിട്ടുള്ള മണ്ണ് നീക്കം ചെയ്ത് പൂർവ്വസ്ഥിതിയിലാക്കുവാനോ ഉള്ള നടപടി സ്വീകരിക്കുമോ; | <u>(എഫ് & ജി):</u><br>നിലവും പുറമ്പോക്ക് തോടും അനധികൃതമായി നികത്തിയ ശ്രീ.കെ.ജെ.എബ്രഹാം, കലാമണ്ണിൽ, കോഴഞ്ചേരി എന്നയാളുടെ പേരിൽ കെ.എൽ.സി. ആക്ട്, കെ.എൽ.യു ഉത്തരവ് എന്നിവ പ്രകാരമുള്ള നടപടികൾ നടന്നു വരവെ ടിയാൻ പരാതി സ്ഥലം ചെന്നൈ ആസ്ഥാനമായുള്ള കെ.ജി.എസ് ഗ്രൂപ്പിന് കൈമാറിയിരുന്നു. ടിയാന്റെ പേരിൽ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 87 പ്രകാരം എസ്.എം.കേസ് ബുക്ക് ചെയ്യുന്നതിന് കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡിന് അനുവാദം നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഇപ്പോഴത്തെ കൈവശക്കാരായ കെ.ജി.എസ് ഗ്രൂപ്പിന് എതിരെ നടപടി കൈക്കൊള്ളുവാൻ അടൂർ ആർ.ഡി.ഒ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എച്ച്) നടപടികൾ സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നട | (എച്ച്) ആറന്മുള എയർപോർട്ട് നിർമ്മാണത്തിനായി നടത്തിയ അനധികൃത |

| | |
|---|---|
| പടി സ്വീകരിക്കാനാണ് നിലവിലുള്ള നിയമങ്ങളെന്ന് വ്യക്തമാക്കുമോ; | കൈയ്യേറ്റങ്ങളും പരിവർത്തനങ്ങളും സംബന്ധിച്ച് ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർ 2.5.2012-ൽ നടത്തിയ സ്ഥല പരിശോധനയിലും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് ചെയർമാൻ കൂടിയായ പത്തനംതിട്ട ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), കോഴഞ്ചേരി അഡീഷണൽ തഹസീൽദാർ, കോഴഞ്ചേരി താലൂക്ക് സർവ്വെയർ, അടൂർ ആർ.ഡി.ഒ., ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയും ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയെപ്പറ്റി വിശദമായ വിജിലൻസ് അന്വേഷണം നടത്തുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിരിക്കുകയാണ്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഐ) നികത്തിയ ഭൂമിയിൽ പുറമ്പോക്ക് എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര ; | (ഐ) ഉണ്ട് ; 2.5727 ഹെക്ടർ പുറമ്പോക്ക് തോട് |
| (ജെ) ആറന്മുള നിലം നികത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഗുരുതരമായ ക്രമക്കേടാണെന്നും നിയമസഭയിൽ രേഖാമൂലം മറുപടി നൽകിയിട്ടും ഇതുവരെ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ? | (ജെ) ശ്രീ.കെ.ജെ.എബ്രഹാം നടത്തിയ അനധികൃത കൈയ്യേറ്റത്തിനെതിരെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 12-ാം വകുപ്പ് അനുസരിച്ചുള്ള ബി-ഫാറം നോട്ടീസ് വിചാരണയ്ക്കായി നൽകിയിരുന്നതുമാണ്. എന്നാൽ ടിയാൻ വിചാരണയ്ക്ക് നേരിട്ട് ഹാജരാകാതെ ആറന്മുള വില്ലേജിലോ മല്ലപുഴശ്ശേരി വില്ലേജിലോ യാതൊരു പുറമ്പോക്ക് സ്ഥലവും താൻ കൈയ്യേറിയിട്ടില്ലെന്നും ആയതിനാൽ നടപടികൾ നിർത്തിവെച്ച് ഉത്തരവാകണമെന്നും അപേക്ഷിച്ച് മറ്റൊരാൾ മുഖേന സ്റ്റേറ്റ്മെന്റ് സമർപ്പിക്കുകയും ചെയ്തിരുന്നു.<br>ശ്രീ.കെ.ജെ.എബ്രഹാം ചെയർമാനായിട്ടുള്ള കടമ്മനിട്ട ആസ്ഥാനമായി പ്രവർത്തിക്കുന്ന രജിസ്റ്റർ നം.ക്യൂ.373/85 നമ്പർ ചാരിറ്റബിൾ എഡ്യൂക്കേഷൻ |

| | |
|---|---|
| | ആന്റ് വെൽഫയർ സൊസൈറ്റിക്ക് വേണ്ടിയും കോഴഞ്ചേരി ചാരിറ്റബിൾ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ പേരിലും പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിലെ ആറന്മുള, കിടങ്ങന്നൂർ, മല്ലപ്പുഴശ്ശേരി , മലയാലപ്പുഴ, നാരങ്ങാനം, പ്രമാടം എന്നീ വില്ലേജുകളിലും തിരുവല്ല താലൂക്കിലെ തിരുവല്ല വില്ലേജിലും 117.68.50 ഹെക്ടർ ഭൂമി വാങ്ങിയിട്ടുള്ളതായി കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് ചെയർമാൻ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ കേരള ഭൂ പരിഷ്കരണ നിയമം സെക്ഷൻ 87 പ്രകാരം എസ്.എം കേസ് ബുക്കു ചെയ്യുവാൻ താലൂക്ക് ലാന്റ് ബോർഡിന് അനുവാദം നൽകിയിട്ടുണ്ട്.<br><br>കൂടാതെ ആറന്മുള വില്ലേജിൽ ബ്ലോക്ക് 3-യിൽ സർവ്വെ നമ്പർ 388/12 , 391/1, 409, 410 എന്നിവയിൽപ്പെട്ട 0.2187 ഹെക്ടറും മല്ലപ്പുഴശ്ശേരി വില്ലേജിൽ ബ്ലോക്ക് 12-ൽ സർവ്വെ നമ്പർ 108, 246, 247, 248, 249, 252, 251/1 pt എന്നിവയിൽപ്പെട്ട 2.3540 ഹെക്ടറും ഉൾപ്പെടെ 02.5727 ഹെക്ടർ സർക്കാർ സ്ഥലത്തെ (പുറമ്പോക്ക് തോട്) കയ്യേറ്റം ഒഴിപ്പിച്ച് 12.7.2012-ൽ സർക്കാർ വക ഭൂമി എന്ന ബോർഡ് അഡീഷണൽ തഹസീൽദാരുടെ സാന്നിദ്ധ്യത്തിൽ ആറന്മുള്ള, മല്ലപ്പുഴശ്ശേരി വില്ലേജ് ഓഫീസർമാർ സ്ഥാപിച്ചിട്ടുള്ളതാണ്. ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർ ഈ വിഷയത്തിൽ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിരിക്കു-കയാണ്. സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ